വാരാന്ത്യപതിപ്പ് ലക്കം - 71 |SEPT 25 - OCT 1

# മനസ്സ് നന്നാവട്ടെ

സെന്റ്. തോമസ് കോളേജ് (ഓട്ടോണമസ്), തൃശ്ശൂർ
എൻ എസ് എസ് യൂണിറ്റ് 42 & 144

## എൻ.എസ്.എസ് വാർത്തകൾ

ലോക ടൂറിസം ദിനം

പേജ് 1

ലോക പേവിഷബാധ ദിനം

പേജ് 2

ലോക ഹൃദയ ദിനം

പേജ് 2

ലൈബ്രറി വർക്ക്

പേജ് 3

രക്ത ദാന സന്ദേശ ബൈക്ക് റാലി

പേജ് 4

അഗ്വഞ്ചർ

പേജ് 5

അക്ഷരാഗ്നി

പേജ് 5

ചോദ്യം ഉത്തരം

പേജ് 6

ചിന്താവിഷയം




## സോഷ്യോപോഡ്സ്

# എൻ.എസ്.എസ്. വാർത്തകൾ

## ലോക ടൂറിസം ദിനം

സെപ്റ്റംബർ ഇരുപത്തിയേഴാം തിയ്യതി ലോക ടൂറിസം ദിനം ആചരിച്ചു.ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനായി എല്ലാ വർഷവും ലോക ടൂറിസം ദിനം ആഘോഷിക്കുന്നു.ലോക ജനതയെ വിനോദ സഞ്ചാരത്തിന്റെ പ്രാധാന്യം,ഗുണങ്ങൾ,സാമൂഹ്യ സാംസ്കാരിക രാഷ്ട്രീയ സാമ്പത്തിക മൂല്യങ്ങൾ എന്നിവയെ കുറിച്ച് അവബോധം വരുത്താനാണ് ഇത് ആഘോഷിക്കുന്നത്.ദിനത്തിന്റെ ഭാഗമായി പോസ്റ്റർ നിർമ്മിച്ചു.

## ലോക പേവിഷബാധ ദിനം

സംസ്ഥാനത്ത് തെരുവുനായ ശല്യവും പേവിഷ ബാധയും സജീവ ചർച്ചയായി തുടരുന്നതിനിടെ സെപ്റ്റംബർ ഇരുപതിയെട്ട് ലോക പേവിഷ ബാധ ദിനം ആചരിച്ചു. പേവിഷബാധ തടയുന്നതിനെക്കുറിച്ചുള്ള അവബോധം വളർത്തുന്നതിനും വിട്ടുവീഴ്ച പാടില്ലെന്ന് ഓർമ്മിപ്പിക്കാനുമാണ് ഈ ദിനം. 'ഏകാരോഗ്യം, പേവിഷബാധ മരണങ്ങൾ ഒഴിവാക്കാം' എന്നതാണ് ഈ വർഷത്തെ സന്ദേശം. ഈ ദിനത്തോടനുബന്ധിച്ച് പോസ്റ്റർ നിർമ്മിച്ചു.



# ലോക ഹൃദയ ദിനം

സെപ്റ്റംബർ ഇരുപത്തിയൊൻപതാം തിയ്യതി ലോക ഹൃദയ ദിനം ആചരിച്ചു.ശരീരത്തിലെ പ്രധാന അവയവങ്ങളിൽ ഒന്നാണ് ഹൃദയം. പ്രതിവർഷം 17 ദശലക്ഷത്തിലധികം ആളുകൾക്ക് ഹൃദ്രോഗം മൂലം ജീവൻ നഷ്ടപ്പെടുന്നതായാണ് കണക്കുകൾ. ഹൃദയ സംബന്ധമായ അസുഖങ്ങളെക്കുറിച്ചും (CVD) അതിന്റെ മുന്നറിയിപ്പ് സൂചനകളെക്കുറിച്ചും പ്രതിരോധ രീതികളെക്കുറിച്ചും അറിയുന്നതിനും പ്രചരിപ്പിക്കുന്നതിനുമായാണ് ഈ ദിനം ആചരിക്കുന്നത്. ഈ ദിനത്തോടനുബന്ധിച്ച് പോസ്റ്റർ നിർമ്മിച്ചു.




# ലൈബ്രറി വർക്ക്

ഒക്ടോബർ ഒന്ന് ശനിയാഴ്ച ലൈബ്രറി വർക്ക് സംഘടിപ്പിച്ചു.രാവിലെ പതിനൊന്ന് മുതൽ വൈകീട്ട് നാല് വരെ ഏഴോളം വളന്റിയർസ് പുസ്തകം അടക്കി വെക്കുന്നതിലും മറ്റും സജീവമായി പങ്കെടുത്തു.



# ട്രൈബൽ സ്കൂൾ സന്ദർശനം

എൻ എസ് എസ് ദിനത്തോടനുബന്ധിച്ച് ലൈബ്രറി ഉണ്ടാക്കുവാനായി ശേഖരിച്ച പുസ്തകങ്ങൾ നൽകാൻ പ്രോഗ്രാം ഓഫീസർ വിമല കെ ജോണിന്റെ നേതത്വത്തിൽ പതിനഞ്ചോളം വളന്റിയേഴ്സ് സെപ്റ്റംബർ മുപ്പത് വെള്ളിയാഴ്ച തൃശൂർ എച്ചിപ്പാറ ട്രൈബൽ സ്കൂൾ സന്ദർശിച്ചു.



# രക്തദാന ദിന സന്ദേശ ബൈക്ക് റാലി

തൃശ്ശൂർ ഐ.എം.എ ബ്ലഡ് ബാങ്കിന്റെയും,തൃശ്ശൂർ ജോയ് ആലുക്കാസ് ഫൗണ്ടേഷന്റെയും സംയുക്ത ആഭിമുഖ്യത്തിൽ  തൃശൂർ റൗണ്ട് ഈസ്റ്റിൽ ഉള്ള ജോയ് ആലുക്കാസ് ഷോറൂം അങ്കണത്തിൽ വച്ച് ഒക്ടോബർ ഒന്നാം തിയ്യതി രാവിലെ ഒൻപത് മണിക്ക് തൃശ്ശൂർ സർക്കിൾ ഇൻസ്‌പെക്ടർ ലാൽകുമാർ സന്നദ്ധ രക്തദാന ദിന സന്ദേശ ബൈക്ക് റാലി ഫ്ലാഗ് ഓഫ് ചെയ്തു.കഴിഞ്ഞ വർഷത്തിൽ മികച്ച രക്തദാന ക്യാമ്പുകൾ സംഘടിപ്പിച്ച സംഘടനാ പ്രതിനിധികളെ ചടങ്ങിൽ ആദരിച്ചു.സെൻറ് തോമസ് കോളേജ് (ഓട്ടോണമസ്),തൃശ്ശൂരിലെ എൻ എസ് എസ് യൂണിറ്റുകളായ **144 & 42** യൂണിറ്റുകളെ പ്രസ്തുത ചടങ്ങിൽ ആദരിക്കുകയും ചെയ്തു.പ്രോഗ്രാം ഓഫീസർമാരായ രഞ്ജിത്ത് വർഗീസിന്റെയും,ഡോ. വിമല കെ ജോണിന്റയും നേതൃത്വത്തിൽ വളന്റിയേഴ്സും ചേർന്നു പരിപാടിയിൽ പങ്കെടുത്തു








# അഗ്വഞ്ചർ

അഗ്വഞ്ചർ എന്ന പേരിൽ തൃശ്ശൂർ സെന്റ് തോമസ് കോളേജിന്റെ പുതിയ ക്യാമ്പസിൽ ആരംഭിച്ച കൃഷി പുരോഗമിക്കുന്നു. വെള്ളി,ശനി ദിവസങ്ങളിൽ പ്രോഗ്രാം ഓഫീസേഴ്സായ പ്രൊഫ. രഞ്ജിത്ത് വർഗീസിന്റെയും ഡോ.വിമല കെ ജോണിന്റെയും നേതൃത്വത്തിൽ പത്ത് വളന്റിയേഴ്സ് കൃഷിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു. പരിപാടിയുടെ പോസ്റ്ററും നിർമ്മിച്ചു.


















## അക്ഷരാഗ്നി
ഗീവർഗീസ് .കെ. ഷാജു

## ചോദ്യം ഉത്തരം

വിദ്യാർത്ഥികളെ രാഷ്ട്രീയ പുനർനിർമാണ പ്രക്രിയയിൽ പങ്കാളികളാകണമെന്ന ആശയത്തിന് തുടക്കം കുറിച്ചത് ആര്?

--ഗാന്ധിജി





# ചിന്താവിഷയം

ഉണരുക, എഴുന്നേൽക്കുക... ലക്ഷ്യം നേടുന്നതുവരെ പ്രയത്നിക്കുക.
-സ്വാമി വിവേകാനന്ദൻ

@nss_stc_42_144